പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1854 05.02.2019-ലെ മറുപടിക്ക്

## കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോ

ചോദ്യം

ശ്രീ.ആർ. രാമചന്ദ്രൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഇപ്പോൾ പ്രവർത്തനക്ഷമമായ എത്ര ബസുകളുണ്ടെന്നും എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | കരുനാഗപ്പള്ളി ഡിപ്പോയിൽ 85 ബസ്സുകളാണ് നിലവിലുള്ളത്.<br>29-1-2019 ലെ കണക്കുപ്രകാരം 75 ബസ്സുകൾ പ്രവർത്തനക്ഷമമാണ്.<br>നിലവിൽ 84 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |
| (ബി) | 2018 ജനുവരി ഒന്നിനുശേഷം എത്ര ഷെഡ്യൂളുകൾ വെട്ടിക്കുറച്ചുവെന്ന് വ്യക്തമാക്കുമോ; ഇതിൽ ഫാസ്റ്റ് പാസഞ്ചർ റൂട്ടുകൾ എത്രയെന്ന് വിശദീകരിക്കുമോ; | (ബി) | 2018 ജനുവരി ഒന്നിന് ശേഷം ഷെഡ്യൂളുകൾ ഒന്നും തന്നെ വെട്ടിക്കുറച്ചിട്ടില്ല. |
| (സി) | പ്രസ്തുത കാലഘട്ടത്തിൽ ഇവിടുത്തെ ശരാശരി പ്രതിദിന കളക്ഷൻ എത്രയെന്ന് വ്യക്തമാക്കുമോ; | (സി) | 2018 ജനുവരി ഒന്നിന് ശേഷം ശരാശരി പ്രതിദിന വരുമാനം 7 ലക്ഷം രൂപയാണ്. |
| (ഡി) | നിർത്തലാക്കിയ ബൈറൂട്ട് സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | സ്ഥിരമായി ബൈ റൂട്ടിലുള്ള സർവ്വീസുകൾ ഒന്നും തന്നെ കെ.എസ്.ആർ.ടി.സി റദ്ദ് ചെയ്തിട്ടില്ല. എന്നാൽ ചില ദിവസങ്ങളിൽ സാങ്കേതിക കാരണങ്ങളാൽ ചില ട്രിപ്പുകൾ റദ്ദ് ചെയ്തിട്ടുണ്ട്. ആയവ കോർപ്പറേഷനും, പൊതുജനങ്ങൾക്കും ഗുണകരമായ വിധത്തിൽ പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**